പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 4379 | 17.12.2014- ൽ മറുപടിക്ക് |
|---|---|

## ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളെ തരം തിരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലുള്ള തരം തിരിക്കലാണ് ഉണ്ടാവുക എന്ന് വ്യക്തമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമോ ചട്ടങ്ങൾ പ്രകാരമോ ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിവ് നിഷ്കർഷിച്ചിട്ടില്ല. എല്ലാ ഹോട്ടലുകളും, ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങൾ പ്രകാരവുമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥമാണ്. |
| ബി) | തിരുവനന്തപുരം നഗരസഭ പ്രസ്തുത രീതിയിൽ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എല്ലാ ഹോട്ടലുകളും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| സി) | പ്രസ്തുത രീതിയിൽ ശുചിത്വകാര്യങ്ങൾ നിർബന്ധമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**